ഉത്തരം

(എ) ഉണ്ട്.

(ബി) 1-4-2003 മുതൽ 31-12-2003-വരെ 53,75,089 രൂപ നൽകിയിട്ടുണ്ട്.

ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം

88 [371] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹിന്ദു ക്ഷേത്രങ്ങൾ ഉണ്ട്;

(ബി) ക്ഷേത്രങ്ങൾ സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് കണക്കുകൾ അവസാനം ശേഖരിച്ചത് എന്നാണ്;

(സി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങൾക്ക് പുറമേയുള്ള ക്ഷേത്രങ്ങൾക്ക് ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം ഇപ്പോൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ ഇതിന് നീക്കിവച്ച സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിൽ 1311-ഉം കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 390-ഉം, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1208-ഉം ക്ഷേത്രങ്ങൾ ഉണ്ട്. മറ്റ് ക്ഷേത്രങ്ങളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(സി) ഉണ്ട്. ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിൽ ഉള്ള ദേവസ്വങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി 1 കോടി രൂപയും, ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയും ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

ശബരിമല സന്നിധാനത്തിലേക്ക് കൺവയർ ബൽറ്റ് സംവിധാനം

89 [372] ശ്രീ. കെ. മുഹമ്മദാലി :

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പയിൽ നിന്ന് ശബരിമല സന്നിധാനത്തിലേക്ക് ആവശ്യമായ സാധനങ്ങൾ കൊണ്ടുപോകുന്നതെപ്രകാരമാണ്; കോവർ കഴുതകളെ ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കഴുതകൾക്ക് വേണ്ടി പ്രത്യേക പാത സജ്ജീകരിച്ചിട്ടുണ്ടോ;

(സി) പ്രതിദിനം ശരാശരി എത്ര കഴുതകളെയാണ് സാധനങ്ങൾ കൊണ്ടു പോകുവാൻ ഉപയോഗിക്കുന്നത്;

(ഡി) തീർത്ഥാടകർ ഈ കഴുതകളുടെ ചവിട്ടേൽക്കേണ്ടതായി വരുന്നുണ്ടോ; ഇവറ്റയ്ക്കുവേണ്ടി പുതിയ പാതയുണ്ടാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഇ) പമ്പയിൽ നിന്ന് സന്നിധാനത്തിലേക്കാവശ്യമായ സാധനങ്ങൾ കൊണ്ടു പോകുന്നതിന് കൺവയർ ബെൽറ്റ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) തലച്ചുമടായും കഴുതകളെ ഉപയോഗിച്ചും ട്രാക്ടറുകൾ വഴിയും ആണ് സന്നിധാനത്തിലേക്ക് ആവശ്യമായ സാധനങ്ങൾ കൊണ്ടുപോകുന്നത്.

(ബി) സ്ഥലദൗർലഭ്യം കാരണം പമ്പ മുതൽ മരക്കൂട്ടം വരെ പ്രത്യേക പാത സജ്ജീകരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും മരക്കൂട്ടം കഴിഞ്ഞ് കഴുതകളുടെ യാത്രയ്ക്കായി പ്രത്യേക പാത സജ്ജീകരിച്ചിട്ടുണ്ടെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) പ്രതിദിനം ശരാശരി 400 കഴുതകളെ സാധനങ്ങൾ കൊണ്ടുപോകുവാൻ ഉപയോഗിക്കുന്നു.

(ഡി) ഭക്തർക്ക് കഴുതകളുടെ ചവിട്ട് ഏൽക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. ഭക്തജനത്തിരക്ക് കൂടുന്ന വേളകളിൽ കഴുതകളെ പൂർണ്ണമായും ഒഴിവാക്കി വരുന്നുണ്ട്. കഴുതകളെ ഉപയോഗിച്ച്, സാധനങ്ങൾ സന്നിധാനത്ത് എത്തിക്കുന്നതിനായി അമ്പലക്കടവ് വഴി പുതുതായി പാത നിർമ്മിക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ഇതിലേക്കാവശ്യമായ അപേക്ഷ ദേവസ്വം ബോർഡ് വനം വകുപ്പിന് സമർപ്പിച്ചിരുന്നു. അതിൽ ഇപ്പോൾ ചില ഭേദഗതികൾ വനം വകുപ്പ് നിർദ്ദേശിച്ചതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) കൂടുതൽ വനഭൂമി ലഭ്യമാക്കിയാൽ മാത്രമേ കൺവയർ ബൽറ്റ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുവാൻ കഴിയുകയുള്ളുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പൂജാരിമാർ

90 [373] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങളിൽ എത്ര പൂജാരിമാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly